

'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' പരിപാടിയുടെ ഭാഗമായുള്ള തെങ്ങുകയറ്റ പരിശീലനം കെ. ദാസൻ എം.എൽ.എ. തെങ്ങിൽക്കയറി ഉദ്ഘാടനം ചെയ്യുന്നു

# തെങ്ങിന്റെ ചങ്ങാതിക്കൂട്ടം: പരിശീലനം തുടങ്ങി

**കൊയിലാണ്ടി:** നാളികേര വികസന ബോർഡിന്റെ നേതൃത്വത്തിൽ ലോക്കൽ ഇക്കണോമിക് ഡെവലപ്മെന്റ് സൊസൈറ്റി നടത്തുന്ന 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' പരിശീലന പരിപാടി കെ. ദാസൻ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ആറുദിവസത്തെ പരിശീലന പരിപാടിയിൽ തെങ്ങുകയറ്റം, തെങ്ങിന്റെ രോഗനിർണയം തുടങ്ങിയവ പഠിപ്പിക്കും. പരിശീലനം പൂർത്തിയാക്കുന്നവർക്ക് 900 രൂപ സ്റ്റൈപ്പന്റും തെങ്ങുകയറ്റ യന്ത്രവും നൽകും. നഗരസഭാ കൗൺസിലർ ഷൈജു അധ്യക്ഷത വഹിച്ചു. പി. പ്രമോദ്, കെ. വേണുഗോപാൽ, വേണു പറമ്പത്ത്, സജീർ, സന്ദീപ് എന്നിവർ പ്രസംഗിച്ചു.